©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | **2020 ജനുവരി 14**<br>14th January 2020<br>**1195 ധനു 29**<br>29th Dhanu 1195<br>**1941 പൌഷം 24**<br>24th Pousha 1941 | നമ്പർ<br>No. | **95** |


കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ. ഉ. (അ) നമ്പർ 5/2020/തസ്വഭവ**
**എസ്. ആർ. ഒ. നമ്പർ 32/2020**

തിരുവനന്തപുരം, *2020 ജനുവരി 10.*
*1195 ധനു 25.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 74 എ വകുപ്പും 254-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിനു ശേഷം, 1995 ഫെബ്രുവരി 17–ാം തീയതിയിലെ സ.ഉ.(അ)27/95/തസ്വഭവ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17–ാം തീയതിയിലെ 173–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.229/95–ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.–

ചട്ടങ്ങൾ

1. *ചുരുക്കപ്പേരും പ്രാരംഭവും* .– (1) ഈ ചട്ടങ്ങൾക്ക് 2020–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്)ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. *ചട്ടങ്ങൾക്കുള്ള ഭേദഗതി* .– 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,

35(എ) ചട്ടത്തിന്റെ (1)–ാം ഉപചട്ടത്തിൽ,–

(i) (സി) ഖണ്ഡത്തിൽ, "വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ അയാളെ വോട്ട് ചെയ്യാൻ അനുവദിച്ചു എന്ന് കാണിക്കാൻ സമ്മതിദായകന്റെ പേരിനു താഴെ വരയിടേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ അയാളെ വോട്ടു ചെയ്യാൻ അനുവദിച്ചു എന്ന് കാണിക്കാൻ അയാളെ സംബന്ധിക്കുന്ന ഉൾക്കുറിപ്പിന്റെ ഇടതുവശം താഴെ കോണിൽ നിന്നും മുകളിലേയ്ക്ക് വലത് മുകൾഭാഗത്തെ കോണുവരെ കുറുകെ വരയ്ക്കേണ്ടതാണ്."എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:–

“(ഡി) വനിതാ സമ്മതിദായകരുടെ കാര്യത്തിൽ വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ പ്രസ്തുത വോട്ടറെ സംബന്ധിക്കുന്ന ഉൾക്കുറിപ്പിന്റെ ക്രമ നമ്പറിനു ചുറ്റും ഒരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൃത്തം കൂടി വരയ്ക്കേണ്ടതാണ്.''

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിൻെറ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ നിലവിലുള്ള ചട്ടം 35 എ യിലെ (സി) (ഡി) എന്നീ ഖണ്ഡങ്ങൾ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിച്ച് വോട്ടെടുപ്പ് നടത്തുന്നതിന് അനുയോജ്യമല്ല. ആയതിനാൽ പ്രസ്തുത ഖണ്ഡങ്ങൾ ഫോട്ടോപതിച്ച വോട്ടർപട്ടിക ഉപയോഗിച്ചു വോട്ടെടുപ്പു നടത്തുന്നതിനുള്ള നടപടികൾക്ക് അനുയോജ്യമായി ഭേദഗതി ചെയ്യേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.14 09:29:54 +05:30